## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2276 — 10/10/2011 - ൽ മറുപടിക്ക്.

## ജലപാത നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.കെ.രാജു<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത് | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലപാതകളും തീരക്കടലും ഗതാഗത മാർഗ്ഗമാക്കുന്നതിന്, എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | : | (എ) ജലപാതകൾ ഗതാഗത യോഗ്യമാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിച്ച് വരുന്നുണ്ട്. സംസ്ഥാന ജലപാതയും ദേശീയ ജലപാതയും ഇപ്പോൾ വിവിധ പദ്ധതികളിലായി പൂർത്തീകരണത്തിന്റെ പാതയിലാണ്. 12-ാം ധനകാര്യ കമ്മീഷൻ, 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ് തുടങ്ങിയ വിവിധ പദ്ധതികളിലായി സംസ്ഥാന ജലപാതയുടെ പണികൾ പൂർത്തീകരിച്ചും പുരോഗമിച്ചും വരുന്നു. ദേശീയ ജലപാതയുടെ പണി കേന്ദ്രസർക്കാർ സ്ഥാപനമായ ഐ.ഡബ്ല്യൂ.എ.ഐ. ഏറ്റെടുത്ത് ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. 2012 ഡിസംബറിൽ ഇത് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാകുമെന്ന് ഐ.ഡബ്ല്യൂ.എ.ഐ. അറിയിച്ചിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ ഗതാഗത മാർഗ്ഗം ഉണ്ടാക്കുന്നതിലൂടെ റോഡിലെ വാഹനത്തിരക്ക് ഒഴിവാക്കാൻ കഴിയുമോ ; | : | (ബി) ജലഗതാഗതം കൂടുതൽ മെച്ചപ്പെടുമ്പോൾ റോഡിലെ വാഹനത്തിരക്കു കുറയുന്നതാണ്. |

സെക്ഷൻ ഓഫീസർ